**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 106** **23-08-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് ഔട്ട് പോസ്റ്റിൽ രാത്രികാലങ്ങളിൽ സേവനം ലഭ്യമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് ഔട്ട് പോസ്റ്റിൽ രാത്രികാലങ്ങളിൽ പോലീസ് സേവനം ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര ജനറൽ ഹോസ്പിറ്റലിൽ സ്ഥാപിച്ചിട്ടുള്ള എയ്ഡ് പോസ്റ്റിൽ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ നിന്നും പോലീസ് ഉദ്യോഗസ്ഥരെ (08.00 A.M to 08.00PM ) നിയോഗിച്ച് വരുന്നുണ്ട്. ഇതിനുപുറമെ, രാത്രി കാലങ്ങളിൽ പട്രോളിംഗ് ഡ്യൂട്ടി നോക്കിവരുന്ന പോലീസ് ഉദ്യോഗസ്ഥരുടെയും മറ്റും സേവനം ആശുപത്രിയിലും പരിസരത്തും ലഭ്യമാക്കി വരുന്നുണ്ട് . |
| (ബി) | രാത്രികാലങ്ങളിൽ പോലീസ് സേവനം ലഭ്യമാക്കാത്തതിനാൽ മോഷണം, ആക്രമണങ്ങൾ എന്നിവ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | നെയ്യാറ്റിൻകര ആശുപത്രിയിൽ നടന്ന അക്രമവുമായി ബന്ധപ്പെട്ട ഒരു പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ Crime No. 742/2022 U/s 294 (b), 323, 324 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി ബഹു. JFMC -1, നെയ്യാറ്റിൻകര മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ